# LUKE 17:11-19

ഒരിക്കൽ, നിശബ്ദമായ സെമിത്തേരിയിൽ ഒരു യുവാവ് കൈയ്യിൽ ഒരു പൂമാലയുമായി ഓരോ കല്ലറയുടെയും അടുത്ത് പോയി എന്തോ നോക്കിക്കൊണ്ടിരുന്നു. ഒരു കല്ലറയുടെ അടുത്തെത്തിയപ്പോൾ അതിൽ പൂമാല ചാർത്തി പൊട്ടിക്കരയാൻ തുടങ്ങി. ഇതുകണ്ട ഒരു മനുഷ്യൻ ചോദിച്ചു. ഇവിടെക്കിടക്കുന്നതാരാണ്? ഭാര്യയാണോ? അയാൾ പറഞ്ഞു: അല്ല, മൂന്ന് വർഷംമുമ്പ് എനിക്ക് നിർബന്ധിത സൈനികസേവനത്തിന് പോകേണ്ടിവന്നു. ഗർഭിണിയായ ഭാര്യയും മൂന്ന് കുട്ടികളും. ഞാനാകെ വിഷമിച്ചു. എന്ത് ചെയ്യണമെന്നറിയാതെ വലഞ്ഞപ്പോൾ ഒരു സുഹൃത്ത് എനിക്കുപകരം സേവനത്തിനുപോയി. അവിടെ എനിക്ക് വേണ്ടി അവൻ മരിച്ചു. ഇന്നവൻ മരിച്ച ദിനമാണ്. ഞാനായിരുന്നു മരിക്കേണ്ടിയിരുന്നത്... ഞാനയാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. തനിക്കായി ജീവൻ നൽകിയ സുഹൃത്തിനോടുള്ള നന്ദിയുടെ വാക്കുകളാണ് ഈ യുവാവിന്റെത്.

പ്രിയമുള്ള കൂട്ടുകാരെ നാം പലപ്പോഴും അർത്ഥമറിയാതെ ഏറ്റവും അധികമായി ഉപയോഗിക്കുന്ന വാക്കാണ് നന്ദി. നമ്മുടെ ജീവിതം പലരോടുമുള്ള നന്ദിയുടെ ഒരു സങ്കീർത്തനമാകണം. മനുഷ്യനാക്കാൻ മനസ്സാക്കിയ തമ്പുരാനോട്... ജീവനേകാൻ ജീവൻ നൽകിയ മാതാപിതാക്കളോട്... സ്നേഹം പകർന്നു തന്ന സഹോദരങ്ങളോട്... അറിവിന്റെ വെളിച്ചം പകർന്ന ഗുരുഭൂതരോട്...

ബൈബിളിലെ കുഷ്ഠരോഗികളുടെ സങ്കടങ്ങളുടെ കണ്ണുനീർ കണ്ടതും അത് തുടച്ചുമാറ്റിയതും കർത്താവ് മാത്രമാണ്. എങ്കിലും കൈവന്ന സൗഖ്യങ്ങൾക്കും നന്മകൾക്കും മധ്യേ നാമും അവരെപ്പോലെ എല്ലാം ദാനമായി തന്നവനെ മറന്നുകൊണ്ട് ജീവിക്കുന്നു. ദാനമായി ലഭിച്ചവക്ക് നന്ദി പുലർത്തേണ്ടതിന് വിനയം വേണം. വിനയത്തിലധിഷ്ഠിതമായ നന്ദിയുടെ ഒരു ഹൃദയം വളർത്തിയെടുക്കാം.

ഇന്ന് ഭാരത ക്രൈസ്തവർക്ക് ഏറെ പ്രാധാന്യമുള്ള ദിനം രണ്ട് അമ്മമാരെ പ്രത്യേകമാംവിധം അനുസ്മരിക്കുന്നു. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോഹണവും ഭാരതാംബയുടെ സ്വാതന്ത്ര്യദിനവും.

പരി. അമ്മ നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവഹിതത്തിനു വിധേയപ്പെട്ട് വിശുദ്ധമായ ജീവിതം നയിച്ചു. നന്ദിയുടെ സ്തോത്രഗീതം പൊഴിച്ച് അമ്മ നമുക്ക് വിനയത്തിന്റെ ഉദാത്ത മാതൃകയാണ്. ഈ മാതൃകയെ കാൽവരിയിൽവച്ച് നമുക്ക് അമ്മയായി നൽകിയ ക്രിസ്തുവിനോട് നമുക്ക് നന്ദിയുള്ളവരായിരിക്കാം. ഭാരതാംബയുടെ സ്വാതന്ത്ര്യദിനവും നന്ദിയുടെ

ഒരു ദിവസമാകട്ടെ. തങ്ങളുടെ ജീവനും ജീവിതവും സ്വന്തം നാടിനുവേണ്ടി ത്യജിച്ച മഹാത്മാക്കളുടെ സ്മരണയ്ക്കുമുന്നിൽ നന്ദിയുടെ നറു മലരുകൾ അർപ്പിക്കേണ്ട പുണ്യദിനം. മതതീവ്രവാദം കാർന്നുതിന്നുന്ന ഭാരതത്തിൽ ഈ മഹാത്മാക്കളുടെ ജീവിതമാതൃക നന്ദിയോടെ ഓർത്ത് പുത്തൻ നാളേക്കായി സമാധാനത്തിന്റെ പ്രവാചകരാകേണ്ട ഉത്തരവാദിത്വം ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

പ്രിയമുള്ള കൂട്ടുകാരെ, നമ്മുക്കും തീരുമാനമെടുക്കാം. ഇനിയുള്ള എന്റെ കൊച്ചുജീവിതം നന്ദി നിറഞ്ഞതായിരിക്കും. യേശുവിന്റെ സ്നേഹത്തിന് നിരന്തരം നന്ദിയർപ്പിച്ച് ഞാൻ പ്രാർത്ഥിക്കും. പരി. അമ്മയെപ്പോലെ വിനയത്തോടെ നന്ദിയുടെ സ്തോത്രഗീതം പാടും. മഹാത്മാക്കളുടെ ജീവിതങ്ങൾക്ക് നന്ദിയർപ്പിച്ച് അവരുടെ ജീവിത സന്ദേശങ്ങൾ പ്രാവർത്തികമാക്കാൻ പരിശ്രമിക്കും. അതിനായി ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ജേക്കബ് കൊട്ടിയാനിക്കൽ